# കേരള സർവകലാശാല

നം. പി.ആർ.123/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### KMAT KERALA പരീക്ഷ തീയതി മാറ്റി

സർവകലാശാലകളുടേയും എം.ബി.എ കോളേജുകളുടേയും അപേക്ഷാർത്ഥികളുടേയും അഭ്യർത്ഥന മാനിച്ചും സർവകലാശാലകൾ ഡിഗ്രി പരീക്ഷ ഫലം പുറപ്പെടുവിക്കുന്നതിൽ വരുന്ന കാലതാമസവും കണക്കിലെടുത്ത് ജൂൺ 11-ലെ KMAT KERALA പരീക്ഷ ജൂലൈ രണ്ടിലേക്ക് (രാവിലെ 10 മണി മുതൽ 12.30വരെ) മാറ്റി. അപേക്ഷാർത്ഥികൾ കൂടുതൽ ഉള്ള ജില്ലകളിൽ പരീക്ഷ കേന്ദ്രങ്ങൾ അധികം നൽകും. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 20 വൈകിട്ട് അഞ്ച് മണി വരെയാണ്. വിശദവിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471-2335133, 8547255133.

### പി.ജി.ഡി.എച്ച്.ആർ.എം, പി.ജി.ഡി.എം.എം, പി.ജി.ഡി.ടി.ടി.എം ടൈംടേബിൾ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം ജൂൺ മാസം 19-ാം തീയതി മുതൽ 28-ാം തീയതി വരെ നടത്തുന്ന പി.ജി.ഡി.എച്ച്.ആർ.എം, പി.ജി.ഡി.എം.എം, പി.ജി.ഡി.ടി.ടി.എം സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബിരുദ പ്രവേശനം-2017: എസ്.ഇ.ബി.സി വിഭാഗത്തിന്റെ പ്രവേശനം

2017-ലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ക്ഷണിച്ച ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി വിഭാഗത്തിനുള്ള സംവരണത്തിന് വാർഷിക വരുമാനം ബാധകമാക്കിയിരുന്നു. എന്നാൽ ഇപ്പോൾ ഇതിനുള്ള മാനദണ്ഡം നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റാണ്. 6 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഉണ്ടെന്ന കാരണത്താൽ ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി സംവരണം നൽകാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാകുന്ന പക്ഷം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അവരുടെ ഓൺലൈൻ അപേക്ഷയിൽ മാറ്റം വരുത്താവുന്നതാണ്. ഇങ്ങനെയുള്ള അപേക്ഷകർ തങ്ങളുടെ പ്രൊഫൈലിൽ നോൺ ക്രിമിലെയർ ആണോ/അല്ലയോ എന്ന് രേഖപ്പെടുത്തേണ്ടതാണ്. 6 ലക്ഷത്തിൽ താഴെ വാർഷിക വരുമാനം രേഖപ്പെടുത്തി ഇതിനകം അപേക്ഷ സമർപ്പിച്ചവർ തൽക്കാലം അപേക്ഷയിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ എസ്.ഇ.ബി.സി സംവരണ സീറ്റിൽ പ്രവേശനം അനുവദിക്കപ്പെടുന്ന എല്ലാവരും കോളേജുകളിൽ പ്രവേശനത്തിനായി ഹാജരാകുമ്പോൾ നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ സംവരണ സീറ്റിലുള്ള പ്രവേശനം നിഷേധിക്കപ്പെടുന്നതാണ്. ജനറൽ, എസ്.സി, എസ്.ടി വിഭാഗക്കാർക്ക് ഇത് ബാധകമല്ല. ഒ.ഇ.സി വിഭാഗത്തിൽ അപേക്ഷിച്ചവർക്ക് ഒ.ബി.എച്ച്/ ഒ.ബി.എക്സ് സംവരണത്തിന് അർഹതയുണ്ടെങ്കിൽ അക്കാര്യവും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിൽ മാറ്റേണ്ടതാണ്. പുതുതായി രജിസ്റ്റർ ചെയ്യുന്ന ജനറൽ/എസ്.സി/എസ്.ടി വിഭാഗത്തിൽ പെടുന്ന

വിദ്യാർത്ഥികൾക്ക് ക്രിമിലെയർ ഓപ്ഷൻ, നോൺ ക്രിമിലെയർ എന്നോ ക്രിമിലെയർ എന്നോ നൽകാവുന്നതാണ്. ഏത് ഓപ്ഷൻ സ്വീകരിച്ചാലും അവർക്ക് ലഭിക്കേണ്ട അലോട്ട്മെന്റിനെ ബാധിക്കുന്നതല്ല.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2017:
## ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി ജൂൺ 10

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 10-ന് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ വിഭാഗത്തിൽ പെട്ടവരും മേൽ പറഞ്ഞ തീയതിക്ക് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തികരിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ യുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയക്കേണ്ടതില്ല. പ്രവേശന സമ യത്ത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2017 കമ്മ്യൂണിറ്റി ക്വാട്ട/സ്പോർട്ട്സ് ക്വാട്ട അപേക്ഷയുടെ അവസാന തീയതി ജൂൺ ഒൻപത്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും സ്പോർട്ട്സ് ക്വാട്ടയിലും ഒന്നാം വർഷ ബിരുദ പ്രവേ ശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പ്രിന്റൗട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ ജൂൺ ഒൻപത് വൈകിട്ട് അഞ്ച് മണിക്ക് മുൻപ് സമർപ്പിക്ക ണം. സർവ്വകലാശാലയിലേക്ക് അപേക്ഷകൾ അയക്കരുത്.

## പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് പ്രവേശനം

കേരള സർവ്വകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു.യോഗ്യത കേരള സർവ്വകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് ഫീസ് 6000 രൂപ. കാലാവധി നാല് മാസം. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അവസാന തീയതി ജൂൺ 20. വിശദവിവരങ്ങൾക്ക് പി. എം.ജി-യിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## ഹിന്ദി അലുമ്നി അസോസിയേഷൻ വാർഷിക സംഗമം

രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനവും അസോസിയേഷന്റെ മറ്റ് ഭാവി പരിപാടികളെ പറ്റി ചർച്ച ചെയ്യു ന്നതിനും വേണ്ടി ഹിന്ദി അലുമ്നി അസോസിയേഷന്റെ വാർഷിക സംഗമം ജൂൺ 10 രാവിലെ 10 മണിക്ക് കേരള സർവകലാശാലയുടെ ഹിന്ദി പഠന വകുപ്പിൽ നടക്കും.

തിരുവനന്തപുരം.
05.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**